(ഡി) ഈ രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

അതാത് മേഖലകളിൽ ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നിവയ്ക്കായി പദ്ധതികൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുവാനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈദ്യുതി ദുരുപയോഗം തടയാൻ നടപടി

9 (*38) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗവും മോഷണവും കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കാമോ?

സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗവും മോഷണവും തടയുന്നതിന് കെ.എസ്.ഇ.ബി. ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രത്യേക സംവിധാനം നിലവിലുണ്ട്. ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ (APTS) ഘടന ഇപ്രകാരമാണ് - തിരുവനന്തപുരം ആസ്ഥാനമാക്കി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (APTS) ഓഫീസും അതിനുകീഴിൽ തിരുവനന്തപുരത്തും കോഴിക്കോടുമായി രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. വൈദ്യുതി ദുരുപയോഗ പരിശോധനകൾ നടത്തുന്നതിനായി ഓരോ മേഖലകളുടേയും അധികാര പരിധിയിൽ വരുന്ന എല്ലാ ജില്ലകൾക്കും ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ജില്ലാതല ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഓരോ സ്ക്വാഡുകളും അവരുടെ പരിധിയിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ജീവനക്കാരെ വൈദ്യുതി മോഷണം സംബന്ധിച്ച് ബോധവത്കരണം നടത്തുകയും സ്ക്വാഡിന്റെ പ്രവർത്തനത്തെപ്പറ്റി പൊതുജനങ്ങൾക്ക് അറിയിപ്പുനൽകുകയും ചെയ്തുവരുന്നു. അധിക വൈദ്യുതി ഉപയോഗിക്കുന്ന LT/HT/EHT ഉപഭോക്താക്കളുടെ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോഗം എ.പി.റ്റി.എസ്. നിരന്തരം നിരീക്ഷിച്ചുവരുന്നു. പ്രധാനമായും സ്ക്വാഡിന്റെ പ്രവർത്തനം വൈദ്യുതി മോഷണവും താരിഫ് ദുരുപയോഗവും മറ്റ് വൈദ്യുതി ദുരുപയോഗങ്ങളും കണ്ടെത്തുകയെന്നതാണ്. വൈദ്യുതി ദുരുപയോഗത്തിനും മോഷണത്തിനും Indian Electricity Act 2003 Sec.126, 135 പ്രകാരമുള്ള നടപടികളും എടുത്തുവരുന്നു.

(ബി) വർദ്ധിച്ചുവരുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുത മേഖലയിൽ ജോലിചെയ്യുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടമുണ്ടാകാതിരിക്കാൻവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് സുരക്ഷാ നയം രൂപീകരിച്ചിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റ് അപകടമുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് പ്രീ-മൺസൂൺ മെയ്ന്റനൻസ്, പൊതുജന ബോധവത്കരണം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവയടക്കമുള്ള മുൻകരുതൽ നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുണ്ട്.

(സി) വൈദ്യുത അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബാംഗങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ആശ്വാസ ധനസഹായം/നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. കോടതി കേസുകൾ, അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവമൂലം ചില കേസുകളിൽ ആശ്വാസ ധനസഹായം/നഷ്ടപരിഹാരം അനുവദിക്കുന്നതിൽ കാലതാമസം വരുന്നുണ്ട്.

സഹകരണ സംഘങ്ങളിലെ പലിശ

10 (*39) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ പലിശ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?